● കവർസ്റ്റോറി ●

# രക്ഷാസരണി ഒന്നു മാത്രം ഖുർആൻ

പി.കെ ജമാൽ

**മനുഷ്യസമൂഹത്തിന്** മാർഗദർശനമരുളുകയും ശരിയും കുറ്റമറ്റതുമായ വഴികൾ ചൂണ്ടിക്കാണിച്ച് സ്വർഗത്തിലേക്ക് നയിക്കുകയും ചെയ്യുകയെന്ന മഹത്തായ ലക്ഷ്യസാക്ഷാത്കാരത്തിനാണ് ഖുർആൻ അവതരിച്ചത്. ഭൂമിയെ ആകാശവുമായി ബന്ധിപ്പിക്കുന്ന ദൈവിക പാശമാണ് ഖുർആൻ. ഈ ആശയം നബി (സ) വിശദീകരിക്കുന്നതിങ്ങനെ: "സന്തോഷിച്ചുകൊള്ളൂ, പുളകം കൊള്ളൂ, അല്ലാഹു അല്ലാതെ ഒരു ആരാധ്യനില്ലെന്നും ഞാൻ അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കുന്നില്ലേ നിങ്ങൾ? സ്വഹാബിമാർ പറഞ്ഞു: അതേ. എന്നാൽ ഈ ഖുർആൻ ഏണിയാണ്. അതിന്റെ ഒരറ്റം അല്ലാഹുവിന്റെ കൈയിലും മറ്റേയറ്റം നിങ്ങളുടെ കൈകളിലുമാകുന്നു. അതിനാൽ അത് മുറുകെ പിടിച്ചുകൊള്ളുക. നിങ്ങൾ ഒരിക്കലും വഴിതെറ്റുകയില്ല. ഒരിക്കലും നിങ്ങൾക്ക് നാശമടയേണ്ടിവരികയുമില്ല" (ഇബ്നു ഹിബ്ബാൻ, *സിൽസിലത്തുസ്സ്വഹീഹ, അൽബാനി*).

ഖുർആൻ മാർഗദർശനവും വെളിച്ചവുമാണെന്ന് പറഞ്ഞാൽ എന്താണ് വിവക്ഷ? ഖുർആൻ പലയിടങ്ങളിൽ ഖുർആനെ പരിചയപ്പെടുത്തുന്നതും വിശേഷിപ്പിക്കുന്നതും ഈ പദങ്ങൾ ഉപയോഗിച്ചാണ്. നബി(സ) ഒരിക്കൽ അലി(റ)യോട് പറഞ്ഞു: "അലീ! നീ അല്ലാഹുവിനോടു സന്മാർഗദർശനവും ലക്ഷ്യവേധിയായ ഉന്നവും ചോദിക്കുക. സന്മാർഗദർശനം കൊണ്ട് ഞാൻ അർഥമാക്കുന്നത് നീ നേർമാർഗത്തിലൂടെ ചരിക്കാനാണ്. ലക്ഷ്യവേധിയായ ഉന്നം കൊണ്ടുദ്ദേശിക്കുന്നത് നിന്റെ അസ്ത്രം കുറിക്കു കൊള്ളാനാണ്" (അഹ്മദ്, നസാഈ, ഹാകിം- *സ്വഹീഹുൽ ജാമിഅ്*, അൽബാനി).

'ഹിദായത്ത്' എന്നതുകൊണ്ടുള്ള വിവക്ഷ മനുഷ്യൻ എത്തിപ്പെടാൻ ആഗ്രഹിക്കുന്ന ലക്ഷ്യത്തിലേക്ക് വഴിതെറ്റാതെയുള്ള പ്രയാണമാണ്. എന്താണ് മുസ്‌ലിമിന്റെ ലക്ഷ്യം? എവിടെ എത്തിച്ചേരണമെന്നാണ് അവൻ ഉദ്ദേശിക്കുന്നത്? ദൈവപ്രീതിയും സ്വർഗപ്രവേശവുമാണ് ആ ലക്ഷ്യം. വിശ്വാസി നിത്യം നടത്തുന്ന പ്രാർഥനയുടെ പൊരുളും അതു തന്നെ. 'അല്ലാഹുവേ! ഞാൻ നിന്നോട് നിന്റെ പൊരുത്തവും സ്വർഗവും ചോദിക്കുന്നു.' ഇസ്‌ലാമിന്റെ സാങ്കേതികശബ്ദത്തിൽ സ്വർഗത്തിലേക്കുള്ള പാതക്ക് സ്വിറാത്തുൽ മുസ്തഖീം എന്നാണ് വ്യവഹരിക്കുന്നത്. "ഇതുതന്നെയാണ് എന്റെ നേരായ മാർഗമെന്നും അവൻ അറിയിച്ചിരിക്കുന്നു. അതിനാൽ നിങ്ങൾ അതിലൂടെ നടക്കണം. മറ്റു മാർഗങ്ങളിലൂടെ നടക്കരുത്. അവ നിങ്ങളെ അവന്റെ മാർഗത്തിൽനിന്ന് വ്യതിചലിപ്പിച്ച് ശിഥിലീകരിക്കുന്നതാകുന്നു. ഇവയാകുന്നു നിങ്ങളുടെ രക്ഷിതാവ് നിങ്ങൾക്ക് നൽകിയിട്ടുള്ള ഉപദേശങ്ങൾ. നിങ്ങൾ ദുർമാർഗത്തിൽനിന്ന് രക്ഷപ്പെടാൻ" (*അൽഅൻആം* 153).

ചൊവ്വായ മാർഗത്തിന് ചുറ്റും ധാരാളം വഴികളുണ്ട്. ഓരോ വഴിയിലും ജനങ്ങളെ അതിലേക്ക് ക്ഷണിക്കാൻ പിശാച് കാത്തിരിക്കുന്നുണ്ട്. അബ്ദുല്ലാഹിബ്നു മസ്ഊദ് റിപ്പോർട്ട് ചെയ്യുന്നു: "റസൂൽ തന്റെ കൈകൊണ്ട് ഒരു നേർരേഖ വരച്ചിട്ട് പറഞ്ഞു: ഇതാണ് അല്ലാഹുവിന്റെ ചൊവ്വായ മാർഗം. അതിന്റെ ഇടത്തും വലത്തുമായി വേറെയും കുറേ രേഖകൾ വരച്ചുപറഞ്ഞു: ഇവിടെ പല വഴികളാണ്. തന്നിലേക്ക് ക്ഷണിച്ചുകൊണ്ട് ഓരോ വഴിയിലും പിശാച് കാത്തിരിക്കുന്നു" (ഹാകിം).

സഞ്ചരിക്കാൻ നിരവധി പാതകൾ മുന്നിലുള്ളപ്പോൾ ശരിയായ വഴിയേതെന്ന് മുസ്‌ലിം അറിയേണ്ടതുണ്ട്. തന്റെ നാഥനെ കണ്ടുമുട്ടുവോളം തനിക്ക് സഞ്ചരിക്കാനുള്ള വഴിയാണ് അതെന്ന് അവൻ മനസ്സിലാക്കണം. പട്ടണത്തിൽ കൈവിടപ്പെട്ട് വഴിയറിയാതെ വിഭ്രമിച്ചു നിൽക്കുന്ന കൊച്ചു കുട്ടിയെപോലെ സ്വർഗപാതയന്വേഷിച്ച് അലയേണ്ട ഗതി

കേട് അല്ലാഹു മനുഷ്യനുണ്ടാക്കിയിട്ടില്ല. തന്റെ വഴി കാണിച്ചുകൊടുക്കാൻ പ്രവാചകന്മാരെ അയച്ചു. വേദഗ്രന്ഥങ്ങളും അവതരിപ്പിച്ചു. 'ഈ ഖുർആൻ ഏറ്റവും ശരിയായ മാർഗം കാണിച്ചുതരുന്നു' (*അൽഇസ്രാഅ്*). ഈ ആശയം നബി(സ) വിശദീകരിക്കുന്നതിങ്ങനെ: 'ഇതാ അല്ലാഹു ഉദാഹരിക്കുന്നത് കാണുക: ചൊവ്വായ ഒരു മാർഗം. പാതക്കിരുവശവും രണ്ട് ഭിത്തികൾ. ഭിത്തികളിൽ തുറന്നിട്ട വാതിലുകൾ. വാതിലുകളിൽ ഞാണിയിട്ട വിരികൾ. പാതയുടെ കവാടത്തിൽ ഒരാൾ നിന്ന് വിളിച്ചുപറയുന്നു: 'ജനങ്ങളേ, എല്ലാവരും ഈ വഴിയേ വരൂ. നിങ്ങൾ വളയരുത്.' പാതയുടെ മുകൾഭാഗത്തുമുണ്ടൊരാൾ. ആ വാതിലുകളിൽ ഏതെങ്കിലും തുറക്കാൻ ഒരാൾ ഉദ്യമിച്ചാൽ അയാൾ പറയും: 'നീ അത് തുറക്കരുത്. നാശമാണ്. നീ അത് തുറന്നാൽ നീ അവിടെ പ്രവേശിക്കും.' ചൊവ്വായ പാത ഇസ്‌ലാം. രണ്ടു ഭിത്തികൾ അല്ലാഹു നിശ്ചയിച്ച നിയമപരിധികൾ. തുറന്നിട്ട വാതിലുകൾ അല്ലാഹു നിഷിദ്ധമാക്കിയ കാര്യങ്ങൾ. പാതയുടെ തലക്കൽനിന്ന് ക്ഷണിക്കുന്നത് അല്ലാഹുവിന്റെ ഗ്രന്ഥം. പാതയുടെ മുകൾഭാഗത്ത് വിളിച്ചുപറയുന്ന ആൾ ഓരോ മുസ്‌ലിമിന്റെയും അന്തരംഗത്തിലുള്ള അല്ലാഹുവിന്റെ ഉദ്ബോധകനാകുന്നു" (അഹ്മദ്, *സ്വഹീഹുൽ ജാമിഅ്*- അൽബാനി).

മനുഷ്യന്റെ ആന്തരികവും ബാഹ്യവുമായ മുഴുവൻ ചലനങ്ങളെയും ചോദനകളെയും ചിന്തകളെയും സ്വാധീനിക്കുകയും ജീവിത പരിസരങ്ങളിൽ വെളിച്ചം വിതറുകയും ചെയ്യുന്ന ദൗത്യമാണ് ഖുർആൻ നിറവേറ്റുന്നത്. മനുഷ്യൻ തന്നോടുതന്നെ നടത്തുന്ന നിരവധി അന്വേഷണങ്ങളും ഉന്നയിക്കുന്ന നാനാതരം ചോദ്യങ്ങളുമുണ്ട്. മനസ്സിനെ വിഭ്രാന്തിയിൽ അകപ്പെടുത്തുന്ന വിവിധ വിചാരങ്ങളുണ്ട്. ഈ രംഗങ്ങളിൽ ഖുർആൻ ഇടപെടൽ നടത്തുന്നു. ചോദ്യങ്ങൾക്ക് ശരിയും കുറ്റമറ്റതുമായ മറുപടികൾ നൽകുന്നു. ശരിയായ ദിശയിലേക്ക് ചിന്തയെ നയിക്കുന്നു. കാറ്റും കോളും നിറഞ്ഞ്, ഇരമ്പിയാർക്കുന്ന അലകടലിൽനിന്ന് രക്ഷാനൗകയിൽ കയറ്റി മനുഷ്യനെ സുരക്ഷിതനായി കരക്കെത്തിക്കുന്നു. രക്ഷാസരണിയെന്നാണ് ഖുർആൻ ഇതിനെ വിശേഷിപ്പിക്കുന്നത്. "നിങ്ങളിൽ അല്ലാഹുവിങ്കൽനിന്നുള്ള വെളിച്ചവും സുവ്യക്തമായ വേദവും വന്നിരിക്കുന്നു. അതുവഴി അല്ലാഹു തന്റെ പ്രീതി തേടുന്നവർക്ക് രക്ഷാസരണി കാണിച്ചുകൊടുക്കുകയും അവന്റെ ഹിതത്താൽ അവരെ അന്ധകാരങ്ങളിൽനിന്ന് പ്രകാശത്തിലേക്ക് നയിക്കുകയും നേർവഴിയിലേക്ക് മാർഗദർശനമരുളുകയും ചെയ്യുന്നു" (*അൽമാഇദ* 15,16).

ഈ ഭൂലോകത്തേക്ക് പിറന്നു വീഴുന്ന മനുഷ്യൻ ബുദ്ധിപരമായ വളർച്ചയെത്തി ചിന്തയുടെയും ആലോചനയുടെയും ലോകത്തേക്ക് പ്രവേശിക്കുമ്പോൾ അവന്റെ ഉള്ളിൽ നിരവധി ചോദ്യങ്ങൾ ഇരമ്പിയാർക്കുന്നു:

1. ആരാണ് എന്നെയും മനുഷ്യവർഗത്തെയും സൃഷ്ടിച്ചത്? അതറിയാനുള്ള മാർഗമെന്താണ്? ഈ പ്രപഞ്ചത്തിന്റെയും സൃഷ്ടിജാലങ്ങളുടെയും സ്രഷ്ടാവിനെ എങ്ങനെ കണ്ടെത്താം? എന്തിനാണ് ദൈവം എന്നെ സൃഷ്ടിച്ചത്? മറ്റു ജീവജാലങ്ങളിൽനിന്ന് ഭിന്നമായ സവിശേഷതകൾ എന്തിനാണ് അവൻ എനിക്ക് നൽകിയത്? എന്താണ് എന്നിൽനിന്ന് അവൻ ആവശ്യപ്പെടുന്നത്?

2. ആരാണ് പ്രവാചകന്മാർ? എന്താണ് അവരുടെ ദൗത്യം?

3. ജനങ്ങൾ സമ്പത്തും ഭൗതികോപാധികളും ആർജിക്കാൻ കടുത്ത മത്സരത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നാൽ പലതും നേടാനാവാതെ പലരും ഈ ലോകത്തോട് വിടപറയുന്നു. പിന്നെ എന്തിനാണ് അവർ ഈ മത്സരത്തിൽ ഏർപ്പെടുന്നത്?

4. ചിലർക്ക് ഭൗതികസൗകര്യങ്ങൾ നിഷേധിക്കപ്പെടുന്നു. നിരവധി ക്ലേശങ്ങളും ബുദ്ധിമുട്ടുകളും നേരിടേണ്ടിവരുന്നു. ചിലർ അകാലത്തിൽ മരിക്കുന്നു. എന്താണ് ജനങ്ങളെല്ലാവരും തുല്യരാവാത്തത്?

5. തെറ്റുകളിലേക്കും കുറ്റങ്ങളിലേക്കും അധർമത്തിലേക്കും നയിക്കുന്ന നിരവധി പ്രേരകശക്തികൾ അന്തരംഗത്ത് പ്രവർത്തിക്കുന്നു. അവയിൽനിന്നെല്ലാം തടഞ്ഞുനിർത്തുന്ന വേറെയും ചില ചോദനകൾ ശക്തിയായി പിറകോട്ട് വലിച്ചുകൊണ്ടിരിക്കുന്നു. എന്താണ് ഇതിന്റെയെല്ലാം യാഥാർഥ്യം?

6. തെറ്റുകളിലും കുറ്റങ്ങളിലും ഏർപ്പെടാൻ ശക്തിയായി പ്രേരിപ്പിക്കുകയും നന്മകളിൽനിന്ന് നിരന്തരം തടഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു ശക്തി എന്നിൽ പ്രവർത്തിക്കുന്നു. ആരാണ് ഈ ശത്രു?

7. ഈ പ്രപഞ്ചത്തിൽ സസ്യലതാദികളും പക്ഷിമൃഗാദികളുമായി നിരവധി സൃഷ്ടിജാലങ്ങളുണ്ട്. അവയുമായി എനിക്കെന്താണ് ബന്ധം? ദൃശ്യലോകത്ത് ഈ കാണുന്ന പ്രതിഭാസങ്ങൾക്കപ്പുറം അദൃശ്യലോകത്ത് എന്തെങ്കിലും ഒളിഞ്ഞിരിപ്പുണ്ടോ?

8. ഈ പ്രപഞ്ചം ഭദ്രമായ ഘടനയോടെ വളരെ കണിശമായ ചില നിയന്ത്രണങ്ങൾക്ക് വിധേയമായി ചലിച്ചുകൊണ്ടിരിക്കുന്നു. പ്രഭാതത്തിൽ ഉദിച്ചുയരുന്ന സൂര്യൻ വൈകുന്നേരം അസ്തമിക്കുന്നു. ഋതുക്കൾ അങ്ങേയറ്റം കൃത്യതയോടെ മാറിമറി വരുന്നു. മനുഷ്യന്റെ ജീവിതചക്രം സുസ്ഥിരമായ ചില വ്യവസ്ഥകൾക്ക് വിധേയമായി കറങ്ങുന്നു. പ്രപഞ്ചത്തെ ആസകലം ചൂഴ്ന്നിരിക്കുന്ന ഈ നിയമങ്ങളുടെ നിർമാതാവ് ആരാണ്? എന്താണ് അതിശയകരമായ ആ വ്യവസ്ഥയുടെയും നിയമത്തിന്റെയും അകം പൊരുൾ?

9. ഞാൻ കണ്ണ് തുറന്നു നോക്കുമ്പോൾ സ്നേഹധനരായ മാതാപിതാക്കൾ, കൂടപ്പിറപ്പുകൾ, അയൽക്കാർ, പിന്നെ ഭാര്യാഭർത്താക്കന്മാർ, മക്കൾ, ബന്ധുക്കൾ, സഹപ്രവർത്തകർ- ഇവരുമായുള്ള എന്റെ ബന്ധം നിർവചിക്കുകയും നിർണയിക്കുകയും ചെയ്യാനുള്ള അടിസ്ഥാനങ്ങളെന്ത്?

10. എനിക്ക് ചുറ്റും അനേകർ വഴിയറിയാതെ വിഭ്രമിച്ച് നിൽക്കുകയും വേറെ ചിലർ തെറ്റായ വഴികളിലൂടെ സഞ്ചരിച്ച് വിപത്ത് ഏറ്റുവാങ്ങുകയും ചെയ്യുന്നു. ചിലർ ഈ പ്രപഞ്ചത്തിന് സ്രഷ്ടാവും ദൈവവുമുണ്ടെന്ന് സമ്മതിക്കുന്നു. ചിലർ അനേകം ദൈവങ്ങളിൽ വിശ്വസിക്കുന്നു. എന്താണ് ജനങ്ങൾ സത്യത്തെ അംഗീകരിക്കാത്തത്?

11. എനിക്ക് മുമ്പും ജനങ്ങൾ ഇവിടെ ജനിച്ചു ജീവിച്ച് മരിച്ചുപോയിട്ടുണ്ട്. എന്താണ് അവരുടെ അവസ്ഥ? അവരിൽനിന്ന് എനിക്ക് പഠിക്കാനുള്ള പാഠമെന്താണ്?

ഇങ്ങനെ മനസ്സിനെ മഥിക്കുന്ന നൂറുകൂട്ടം ചോദ്യങ്ങൾക്ക് തൃപ്തികരമായ മറുപടി നൽകുന്നു ഖുർആൻ. രക്ഷാസരണിയിലേക്ക് നയിക്കുന്ന ദൈവത്തിന്റെ വചനങ്ങളാകുന്നു അത്. ഖുർആൻ മാർഗദർശനം നൽകുന്നു എന്നു പറയുമ്പോൾ അർഥമാക്കുന്നത് ഇത്തരം സങ്കീർണമായ ചോദ്യങ്ങൾക്കും അന്വേഷണങ്ങൾക്കും മറുപടി നൽകി മനുഷ്യമനസ്സിന് സമാധാനമേകി സ്വർഗപാതയിലേക്ക് നയിക്കുന്നു എന്നാണ്. ■